**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6780** **11-07-2024 - ൽ മറുപടിയ്ക്ക്**

**പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടവ്യവസ്ഥ ലംഘിച്ച് കോടികൾ വിലമതിക്കുന്ന സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും & സ്ഥാപനങ്ങളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമികളുടെ പാട്ടക്കുിശിക മുഴുവൻ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നിയമ പ്രകാരവും കേരള ഭൂസംരക്ഷണ നിയമ പ്രകാരവുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കോടതി സ്റ്റേ ഉള്ള കേസുകളിൽ കോടതികളിൽ നിന്നും അനുകൂല അന്തിമ ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പാട്ട കുടിശിക ഈടാക്കുന്നതുമാണ്. പാട്ടക്കുിശിക ഈടാക്കിയ ശേഷം ടി പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം പാട്ടക്കുടിശിക കണക്കാക്കിയിട്ടുണ്ടോയെന്നും നിയമാനുസൃതം ലഭിക്കേണ്ട പാട്ടക്കുടിശിക ഈടാക്കാൻ എന്തു നടപടി സ്വീകരിക്കാ നാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും & സ്ഥാപനങ്ങളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമികളുടെ പാട്ടക്കുിശിക മുഴുവൻ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നിയമ പ്രകാരവും കേരള ഭൂസംരക്ഷണ നിയമ പ്രകാരവുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കോടതി സ്റ്റേ ഉള്ള കേസുകളിൽ കോടതികളിൽ നിന്നും അനുകൂല അന്തിമ ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പാട്ട കുടിശിക ഈടാക്കുന്നതുമാണ്. പാട്ടക്കുിശിക ഈടാക്കിയ ശേഷം ടി പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | സംസ്ഥാനത്ത് പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും എണ്ണം | പാട്ട കുടിശ്ശിക |
|---|---|---|---|
| 1. | തിരുവനന്തപുരം | 157 കേസ് | 104, 70,09, 891/- |
| 2. | കൊല്ലം | 16 കേസുകൾ | 33/- കോടി രൂപ |
| 3. | ആലപ്പുഴ | 52 കേസുകൾ | 2,74,94,540/- |
| 4. | പത്തനംതിട്ട | 2 കേസുകൾ | - |
| 5. | കോട്ടയം | 6 കേസുകൾ | 14,45,96,784/- |
| 6. | ഇടുക്കി | 256 കേസുകൾ | 5,54,783/- |
| 7. | എറണാകുളം | 60 കേസുകൾ | 280/- കോടി രൂപ |
| 8. | തൃശ്ശൂർ | 15 കേസുകൾ | 201, 33,93,651/- |
| 9. | പാലക്കാട് | 1 കേസ് | 98,56,476/- |
| 10. | മലപ്പുറം | 4 കേസുകൾ | 78,86,256/- |
| 11. | കോഴിക്കോട് | 10 കേസുകൾ | 19,14,57,790/- |
| 12. | വയനാട് | 1 കേസ് | 4,75,481/- |
| 13. | കണ്ണൂർ | 2 കേസുകൾ | 2,31,929/- |
| 14 | കാസർഗോഡ് | 4 കേസുകൾ | 6,86,79,513/- |